(എഫ്) അടിയന്തര പ്രവൃത്തികൾക്കായി കവക്ട്രേറ്റിൽ നിന്നുള്ള ശിപാർശ പ്രകാരം സമർപ്പിച്ച പട്ടിക അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു.* പട്ടികയിൽ ക്രമനമ്പർ 13 മുതൽ 23 വരെയുള്ള പ്രവൃത്തി കൊയിലാണ്ടി മണ്ഡലത്തിലുള്ളതാണ്.

(ജി) കടലാക്രമണത്തെ തുടർന്ന് അടിയന്തര നടപടികൾ എന്ന നിലയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് പ്രകാരം സംസ്ഥാനത്താകെ അനുവദിച്ച തുകയുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു :

ജില്ല	തുക
തിരുവനന്തപുരം	2 കോടി
കൊല്ലം	2 "
ആലപ്പുഴ	5 "
എറണാകുളം	1 "
തൃശ്ശൂർ	1 "
മലപ്പുറം	3 "
കോഴിക്കോട്	1 "
കണ്ണൂർ	1 "
കാസർഗോഡ്	1 "

കൊയിലാണ്ടി മണ്ഡലത്തിലെ ജലവിതരണം

151 (6856) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലവിഭവവകുപ്പിന് കീഴിൽ നിർമ്മിച്ചതും പരിപാലിക്കപ്പെടുന്നതുമായ എത്ര ജലവിതരണ സംവിധാനങ്ങളും എത്ര കിണറുകളും കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഉണ്ട് എന്ന് വ്യക്തമാക്കുമോ ; അവ എവിടെയെല്ലാമാണ് എന്ന് വിശദമാക്കുമോ ;

(ബി) അവയിൽ ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ/ജലവിതരണ സംവിധാനങ്ങൾ ഏതെല്ലാം ; അവ പുനരുദ്ധരിച്ച് ഉപയോഗപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; വിശദമായി വ്യക്തമാക്കുമോ ;

(സി) അവ പുനരുദ്ധരിക്കാൻ എന്തുതുക ചെലവ് വരുമെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 14 ശുദ്ധജലവിതരണ പദ്ധതികളും 20 കിണറുകളും കേരളവാട്ടർ അതോറിറ്റിയുടെ കീഴിലുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ

1. കൊല്ലം ശുദ്ധജലവിതരണ പദ്ധതി - 1 കിണർ
2. കൊയിലാണ്ടി ശുദ്ധജലവിതരണ പദ്ധതി - 1 കിണർ
3. കോമത്തുകര ശുദ്ധജല വിതരണ പദ്ധതി - 3 കിണറുകൾ

   ഈ പദ്ധതിയുടെ ആദ്യത്തെ സ്രോതസ്സിൽ വെള്ളം കുറഞ്ഞതിനാൽ രണ്ടാമതൊരു കിണർ കുഴിക്കുകയും രണ്ട് കിണറുകളിലെയും ജലലഭ്യത പദ്ധതി പ്രദേശത്ത് തികയാതെ വന്നതിനാൽ മൂന്നാമതൊരു കിണർകൂടി നിർമ്മിക്കുകയും ചെയ്തു. 3 കിണറുകളിൽനിന്നും പമ്പിംഗ് നടന്നുവരുന്നു.

4. വരകുന്ന് ശുദ്ധജലവിതരണ പദ്ധതി - 2 കിണറുകൾ

   ഈ പദ്ധതിയുടെ 2 കിണറുകളിൽനിന്നും നിലവിൽ പമ്പിംഗ് നടന്നുവരുന്നു.

5. കക്രാട്ട് കുന്ന് ശുദ്ധജലവിതരണ പദ്ധതി - 1 കിണർ
6. മൂഴിക്കൽ മീത്തൽ ശുദ്ധജലവിതരണ പദ്ധതി - 2 കിണറുകൾ

മുട്ടാടി പഞ്ചായത്ത്

1. മൊയിലൂർ കുന്ന് ശുദ്ധജല വിതരണ പദ്ധതി - 1 കിണർ
2. വീരവഞ്ചേരി ശുദ്ധജല വിതരണ പദ്ധതി - 1 കിണർ

തിക്കോടി പഞ്ചായത്ത്

1. തിക്കോടി ശുദ്ധജലവിതരണ പദ്ധതി - 2 കിണറുകൾ

   തിക്കോടി ശുദ്ധജലവിതരണ പദ്ധതിയുടെ രണ്ട് കിണറുകളിൽ ഒരു കിണറിലെ വെള്ളം ഉപയോഗശൂന്യമായതിനാൽ ഒരു കിണറിൽനിന്നുമാത്രമാണ് പമ്പിംഗ് നടന്നുവരുന്നത്.

2. കിടഞ്ഞിക്കുന്ന് ശുദ്ധജല വിതരണ പദ്ധതി - 1 കിണർ

പയ്യോളി പഞ്ചായത്ത്

1. കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതി - 1 കിണർ
2. കോട്ടത്തുരുത്തി ശുദ്ധജല വിതരണ പദ്ധതി - 1 കിണർ
3. പയ്യോളി ശുദ്ധജല വിതരണ പദ്ധതി - 2 കിണറുകൾ

   ഈ പദ്ധതിയുടെ രണ്ട് കിണറുകളിൽനിന്നും പമ്പിംഗ് നടന്നുവരുന്നു.

4. ഇരിങ്ങൽ മൂരാട് ശുദ്ധജലവിതരണ പദ്ധതി - 1 കിണർ

LIBRARY ARCHIVES Kerala Legislative Assembly

ഈ പദ്ധതിയിലെ കിണറിലെ വെള്ളം ഉപയോഗശൂന്യമായതിനാൽ പദ്ധതി പ്രദേശത്തേയ്ക്കുള്ള ജലവിതരണം സമീപ പ്രദേശത്തുള്ള കോട്ടക്കുന്ന് ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നുമാണ് നടന്നുവരുന്നത്.

കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ജലനിധി ഒന്നാംഘട്ട പദ്ധതിയിൽ പേമൻപേരി & ചെങ്ങോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതും അത് ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടുള്ളതുമാണ്. ജലനിധിയുടെ നിയമാവലി അനുസരിച്ച് തുടർ നടത്തിപ്പും പരിപാലനവും അതാത് ഗുണഭോക്തൃസമിതികളാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഇരിങ്ങൽ മൂരാട് പദ്ധതിയുടെ കിണറും തിക്കോടി പദ്ധതിയുടെ ഒരു കിണറും ഉപയോഗശൂന്യമാണ്. ഇരിങ്ങൽ മൂരാട് പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനും 2013-ലെ വരൾച്ചാ ദുരന്തലഘൂകരണ പദ്ധതിയിൽപ്പെടുത്തി അംഗീകാരം ലഭ്യമായെങ്കിലും കിണർ നിർമ്മാണത്തിനുവേണ്ടിയുള്ള സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് ലഭ്യമാക്കാത്തതിനാൽ പദ്ധതി റദ്ദ് ചെയ്യേണ്ടിവന്നു.

(സി) ഇരിങ്ങൽ മൂരാട് ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമായി 14 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. തിക്കോടി ശുദ്ധജല വിതരണ പദ്ധതിക്കുവേണ്ടി ഒരു പുതിയ കിണറിനും പുതിയ ടാങ്ക് നിർമ്മിക്കുന്നതിനും പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിനുമായി 50 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

വടകരയിലെ യു ഡിസ്മാറ്റ് പദ്ധതി

152 (6857) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റി വടകരയിൽ നടപ്പാക്കിയ യു ഡിസ്മാറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും എന്തുതുകയ്ക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതെന്നും നാളിതുവരെ എന്തുതുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിനാണ് പ്രസ്തുത പദ്ധതിയിൽ അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി വൈദ്യുതി ലഭിക്കുവാൻ അണ്ടർഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടായിരുന്നുവോ എന്നും ആയതിന് അംഗീകാരം ലഭിച്ചിരുന്നുവോ എന്നും വ്യക്തമാക്കുമോ ;

(ഡി) അംഗീകാരം ലഭിച്ചിരുന്നുവെങ്കിൽ ആയത് ഇതുവരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly